മ ത്താ. 22 : 41 – 46

**2023 നവംബർ 26**

# വചനസന്ദേശം

**ഫാ. ജിയോ മാടപ്പാടൻ**

## എന്റെ ജീവിതത്തിന്റെ രാജാവ്

ഏതാനും മാസങ്ങൾക്ക് മുമ്പാണ് വലിയ ഒരു രാജകീയ ആഘോഷത്തിനു ലോകം സാക്ഷ്യം വഹിച്ചത്. ബ്രിട്ടനിൽ പുതിയ രാജാവ് അഭിഷിക്തനായി. വലിയ രാജകീയ പ്രൗഡിയോടും ആർഭാട ത്തോടും കൂടി നടന്ന ചടങ്ങായിരുന്നു ഇത്. അതുമായി ബന്ധപ്പെട്ടുവന്ന പല വാർത്തകളും കൗതുകക രങ്ങളായിരുന്നു. ലോകത്ത് പാസ്പോർട്ട് ഇല്ലാതെ സഞ്ചരിക്കുന്ന ഏക വ്യക്തിയാണ് ഇദ്ദേഹം. ഡ്രൈവിംഗ് ലൈസൻസും വേണ്ട. രണ്ട് ജന്മദിനങ്ങൾ ആഘോഷിക്കുന്നു. വേറെ ഒരാളും ഇദ്ദേഹത്തെ തൊടാൻ പോലും പാടില്ല. അത്രയേറെ പ്രിവിലേജുകൾ ഇദ്ദേഹത്തിനുണ്ട്. ശരിക്കും രാജാക്കന്മാർ ഇങ്ങ നെയാണല്ലോ.

ഒരാളുപോലും തൊടാൻ പാടില്ല എന്ന് കേട്ടപ്പോഴാണ് അടുത്തയിടെ കേരളത്തിൽ നടന്ന ഒരു ഭര ണാധികാരിയുടെ മൃതസംസ്കാര ശുശ്രൂഷകൾ ഓർമ്മ വന്നത്. ഇന്നേവരെ കേരളം കണ്ടിട്ടില്ലാത്തതും, ഇനി കാണാൻ ഇടയില്ലാത്തതുമായ, മത-രാഷ്ട്രീയ-സാംസ്കാരിക രംഗത്തെ ആർക്കും ലഭിക്കാൻ സാധ്യത ഇല്ലാത്തതുമായ ഒരു ഐതിഹാസികമായ യാത്രയയപ്പ് ലഭിച്ചത് കേരളത്തിന്റെ മുൻ മുഖ്യമ ന്ത്രി ഉമ്മൻചാണ്ടിക്കായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി ഹൃദയസ്പർശിയായ പല അനുഭവ ങ്ങളും പരക്കെ പങ്കുവയ്ക്കുകയുണ്ടായി. അതിൽ ഒന്ന് ഇപ്രകാരമായിരുന്നു. മുഖ്യമന്ത്രി ആയിരിക്കു മ്പോൾ ഒരു ചാനൽ അവതാരകൻ കാണാനായി അവസരം ചോദിച്ചു. യാത്രയ്ക്കിടെ ഇന്ന സ്ഥലത്തു വച്ചു കാണാം എന്ന് മറുപടി കിട്ടി. ക്യാമറയും മൈക്കുമായി കാത്തുനിൽക്കുമ്പോൾ മുഖ്യമന്ത്രിയുടെ വാഹനം എത്തി. അതിലേക്ക് നോക്കിയ അവതാരകൻ ഞെട്ടിപ്പോയി. നിറയെ പ്രവർത്തകർ ആയിരുന്നു ആ വണ്ടിയിൽ. അതിന്റെ ഇടയിൽ നിന്ന് മുഖ്യമന്ത്രി തലനീട്ടി. അവതാരകൻ ചോദ്യം ചോദിച്ചു. മറുപടി കിട്ടി. മുഖ്യമന്ത്രി യാത്ര തുടർന്നു. വ്യത്യസ്തനായ ഒരു നേതാവ്.

അധികാരത്തിന്റെ ദുർവിനിയോഗം വല്ലാതെ വർധിക്കുന്നത് കണ്ടാണ് 1925-ൽ പീയൂസ് ഒമ്പതാ മൻ മാർപാപ്പ ക്രിസ്തുരാജന്റെ തിരുനാൾ പ്രഖ്യാപിക്കുന്നത്. ക്രിസ്തു വ്യത്യസ്തനായ രാജാവായിരു ന്നു. ഈ ലോകം കണ്ടു ശീലിച്ച പകിട്ടോ, പത്രാസോ, അധികാരത്തിന്റെ ഗർവോ ഇല്ലാതിരുന്ന ഒരു യഥാർത്ഥ രാജാവ്. തന്റെ സിംഹാസനമായ കുരിശിൽ, കിരീടമായ മുൾമുടിയും ധരിച്ച്, ചോരയിൽ കിടന്ന ഈ രാജാവിനെ നോക്കി പടയാളികൾ പറയുന്നുണ്ട്. ''ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇവൻ ദൈവത്തിന്റെ ക്രിസ്തു ആണെങ്കിൽ, അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവനാണെങ്കിൽ, തന്നെത്തന്നെ രക്ഷിക്കട്ടെ.'' (ലൂക്കാ 23:35). എല്ലാ രാജാക്കന്മാരും തങ്ങളുടെ കാര്യങ്ങൾ ആദ്യം പരിഗണിച്ചപ്പോൾ, തന്റെ ജനത്തിന്റെ കാര്യം മാത്രം മനസ്സിൽ കരുതിയ ക്രിസ്തുരാജന്റെ തിരുനാൾ നാം ആഘോഷിക്കു ന്നു.

ഈ തിരുനാൾ നമ്മോട് ആവശ്യപ്പെടുന്നത് വ്യത്യസ്തനായ ഈ രാജാവിനെ തന്റെ ജീവിത ത്തിന്റെ രാജാവായി പ്രഖ്യാപിക്കാൻ കഴിയുമോ എന്നതാണ്. എന്റെ ചിന്തകളുടെ രാജാവായി, എന്റെ പ്രവൃത്തികളുടെ രാജാവായി ക്രിസ്തുവിനെ സ്വീകരിക്കാൻ പറ്റുമോ? രാജാവായി സ്വീകരിക്കുക എന്നാൽ അവനായിരിക്കണം മുൻഗണന. എന്റെ ചിന്തകളെല്ലാം ക്രമീകരിക്കപ്പെടേണ്ടത് അവനെ ചുറ്റി പ്പറ്റിയായിരിക്കണം. എന്റെ പ്രവൃത്തികളുടെ അടിസ്ഥാനം അവനായിരിക്കണം.

കുറച്ചു നാൾ മുമ്പ് പുതിയ അധ്യയനവർഷത്തിൽ ഉപരിപഠനം ആരംഭിക്കാനായി കോളേജ് തിര ഞ്ഞെടുക്കാൻ ഒരുങ്ങിയ ഒരു കുട്ടിയെ ഓർക്കുകയാണ്. രണ്ട് കോളേജുകൾ ലഭിച്ചു. വീട്ടുകാർക്ക് ഇഷ്ടം അതിൽ മികച്ച കോളേജാണ്. പക്ഷേ, കുട്ടിയെ സംബന്ധിച്ച് മറ്റേ കോളേജാണ് താല്പര്യം. കാരണം അതിന്റെ തൊട്ട് അടുത്ത് പള്ളിയുണ്ട്. ഏറ്റവും നല്ലതും മാതാപിതാക്കൾ നിർദ്ദേശിച്ചതുമായ കോളേജിൽ നിന്ന് പള്ളിയിലേക്ക് പോകാൻ സാധിക്കുകയില്ല. അവസാനം ക്രിസ്തുവിന് മുൻതൂക്കം കൊടുത്ത് രണ്ടാമത്തെ കോളേജാണ് ആ കുട്ടി തിരഞ്ഞെടുത്തത്.

ഗൾഫിൽ ജോലിക്ക് ശ്രമിക്കുന്ന യുവാവ് താൻ കരിസ്മാറ്റിക് രംഗത്ത് പ്രവർത്തിക്കുന്ന ആളാണ് എന്നത് മറച്ചുവയ്ക്കാനായി എത്ര നിർബന്ധിച്ചിട്ടും തയ്യാറാകുന്നില്ല. കൂടെയുള്ള പല കൂട്ടുകാരും ജോലി നേടിയപ്പോഴും, ഈ ഒറ്റ ക്കാരണത്താൽ പല ജോലി സാധ്യതകളും ഈ യുവാവിന് നഷ്ടപ്പെട്ടു പോകുന്നുണ്ട്. അപ്പോഴും ക്രിസ്തുവിനെ തള്ളിപ്പറയാൻ അദ്ദേഹം തയ്യാറാകുന്നില്ല.

ക്രിസ്തുവിന് എന്റെ ജീവിതത്തിൽ മുൻതൂക്കം കൊടുക്കാൻ തയ്യാറാണോ? ക്രിസ്തുവിനെ എന്റെ ജീവിതത്തിന്റെ രാജാവാക്കാൻ എനിക്ക് ഇഷ്ടമാണോ? എന്റെ തീരുമാനങ്ങളിൽ ക്രിസ്തുവിന്റെ ഇഷ്ടം ഞാൻ പരിഗണിക്കുന്നുണ്ടോ? ക്രിസ്തുരാജത്വ തിരുനാൾ ആശംസകൾ.    എ